29 (443) അവശകലാകാരന്മാർക്ക് ധനസഹായം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അവശകലാകാരന്മാർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ:

(ബി) സർക്കാരിന് എത്ര തുക ചെലവഴിക്കേണ്ടിവന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ:

(സി) പ്രസ്തുത പദ്ധതിപ്രകാരമുള്ള അപേക്ഷകളിൽ എത്ര എണ്ണം തീർപ്പാകാതെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം ധനസഹായം പെൻഷൻ അനുവദിച്ചവരുടെ ലിസ്റ്റിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന കലാകാരപെൻഷൻ മൊത്തം 1500 പേർക്ക് എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ആളുകൾ മരണപ്പെടുന്നതനുസരിച്ച് പത്രദ്വാരാപരസ്യം ചെയ്ത് അപേക്ഷ ക്ഷണിച്ച് അർഹതയുള്ള കലാകാരന്മാരെ സർക്കാരിന്റെ ഉന്നതാധികാര സമിതി തെരഞ്ഞെടുക്കുന്നു. 1.4.97 മുതൽ പുതുതായി 335 പേർക്കും 1.6.99 മുതൽ 234 പേർക്കും പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സാമ്പത്തിക സഹായം പ്രതിമാസം 300/-രൂപ നിരക്കിൽ നൽകി വന്നിരുന്നത് 1.1.1998 മുതൽ 400/-രൂപയായി വർദ്ധിപ്പിച്ചു.

(സി) എല്ലാ അപേക്ഷകളും തീർപ്പാക്കി അർഹരായവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർക്കുന്നു.†

30 (444) ഡി.പി.ഇ.പി. സ്കീം

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. സ്കീം ആരംഭിച്ചതിനുശേഷം സർക്കാർ വക സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിൽ നിന്നും എത്ര കുട്ടികൾ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് മുമ്പ് ടി.സി. വാങ്ങിയിട്ടുണ്ട്;

(ബി) പ്രസ്തുത സ്കീം ആരംഭിച്ചശേഷം ഇംഗ്ലീഷ്മീഡിയം സ്കൂളുകളുടെ പ്രൈമറി വിഭാഗങ്ങളിലും, അൺഎയിഡഡ് സ്കൂളുകളുടെ പ്രൈമറി വിഭാഗത്തിലും എത്ര വിദ്യാർത്ഥികൾ ചേർന്നു;

---

† അനുബന്ധം 10

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര സ്കൂളുകളിലായാണ് ഇത്രയും വിദ്യാർത്ഥികൾ ചേർന്നത്;

(ഡി) ഈ കാലയളവിൽ ഗവണ്മെന്റ് സ്കൂളുകളുടെ പ്രൈമറി വിഭാഗത്തിൽ എത്ര കുട്ടികൾ ചേർന്നു;

(ഇ) എത്ര സ്കൂളുകളിലാണ് ഇത്രയും വിദ്യാർത്ഥികൾ ചേർന്നത്?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

31 (446) ഡി.പി.ഇ.പി. കാര്യക്ഷമമാക്കൽ

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എളമരം കരീം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിവരുന്ന ഡി.പി.ഇ.പി. പദ്ധതിക്കുവേണ്ട ലോകബാങ്ക് സഹായം അവസാനിച്ചാലും അതു പ്രകാരമുള്ള പാഠ്യപദ്ധതി ക്രമം തുടരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ നടപ്പാക്കിവരുന്ന ഡി.പി.ഇ.പി. പദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) ഡി.പി.ഇ.പി. യുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള റിസോഴ്സസ് സെന്ററുകൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പരിശോധനാ സമ്പ്രദായങ്ങൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ ഡി.പി.ഇ.പി. ജില്ലകളിൽ 6-ാം ക്ലാസ്വരെയും മറ്റുജില്ലകളിൽ 5-ാം ക്ലാസ്സുവരെയുമാണ് പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കി കഴിഞ്ഞിട്ടുള്ളത്. ഇതിന്റെ തുടർച്ചയായി അടുത്ത വർഷം സംസ്ഥാനമൊട്ടാകെ 6,7 ക്ലാസുകളിൽ പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കുകയാണ്. ഇനി വരുന്ന വർഷങ്ങളിൽ ഘട്ടംഘട്ടമായി 8-ാം ക്ലാസുവരെ പുതിയ പാഠ്യപദ്ധതിക്ക് തുടർച്ചയായിട്ടുള്ള പാഠ്യപദ്ധതി നടപ്പാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഡി.പി.ഇ.പി. നടത്തിപ്പിന്റെ പുരോഗതിയെക്കുറിച്ച് പല പഠനങ്ങളും നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly